## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *516**      **26.10.2016-ൽ മറുപടിയ്ക്ക്**

## പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിൽ കുടിവെള്ളം എത്തിക്കാൻ നടപടി

**ചോദ്യം**
ശ്രീ.ജി.എസ്.ജയലാൽ
ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.കെ. രാജൻ
ശ്രീ. മുഹമ്മദ് മുഹസിൻ പി.

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിലേക്ക് കുടിവെള്ളം എത്തിക്കുന്നതിനായി കോടി ക്കണക്കിന് രൂപ ചെലവഴിച്ചിട്ടും കുടിവെള്ളം കിട്ടാത്ത അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ; | എ) | ഉണ്ട്. തിരുവനന്തപുരം, കൊല്ലം, ഇടുക്കി, മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട് കണ്ണൂർ എന്നീ ജില്ലകളിലെ ചിലപ്രദേശങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമാകാറുണ്ട്. കൂടാതെ കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച ചില പട്ടികജാതി കോളനികളിൽ പദ്ധതികളുടെ അറ്റകുറ്റപ്പണികൾ ചെയ്യാതെയും ഗുണഭോക്തൃ സമിതി വൈദ്യുതി ചാർജ്ജ് യഥാസമയം ഒടുക്കാതെയും വരുന്ന സാഹചര്യത്തിൽ കുടിവെള്ള പദ്ധതി നിലച്ചുപോകുന്ന സാഹചര്യവും തന്മൂലം കുടിവെള്ള ക്ഷാമവും അനുഭവപ്പെടുന്നു.<br>പട്ടികവർഗ്ഗ മേഖലകളിൽ അടിയ്ക്കടി ഉണ്ടാകുന്ന വൈദ്യുതി തടസ്സം, കൃത്യസമയത്ത് അറ്റകുറ്റപ്പണികൾ നടത്തുന്നതിലുണ്ടാകുന്ന വീഴ്ച, പട്ടികവർഗ്ഗക്കാർക്ക് മാത്രമായി നടപ്പിലാക്കുന്ന പദ്ധതികളിൽ വൈദ്യുതി ചാർജ്ജ് അടയ്ക്കാതെ കണക്ഷൻ വിച്ഛേദിക്കപ്പെട്ടതുമൂലം ജലവിതരണം |

| | | | |
|---|---|---|---|
| | | | തടസ്സപ്പെടുക, വനമേഖലയോട് ചേർന്ന പ്രദേശങ്ങളിൽ വന്യ മൃഗങ്ങളുടെ ശല്യംമൂലം ജലവിതരണ പൈപ്പ് ലൈനുകളിൽ ഉണ്ടാകുന്ന കേടുപാടുമൂലവും കടിവെള്ളം കിട്ടാത്ത അവസ്ഥ ഉണ്ടാകാറുണ്ട്. |
| ബി) | പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിൽ കടിവെള്ളം എത്തിക്കുന്നതിന് എന്തൊക്കെ പരിഹാര നടപടികളാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ബി) | ത്രിതല പഞ്ചായത്തുകളുടെ എസ്.സി.പി ഫണ്ട്, പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് എന്നിവ വിനിയോഗിച്ച് കടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന കോളനികളിൽ പട്ടികജാതി കുടുംബങ്ങൾക്ക് വ്യക്തിഗത കടിവെള്ള കണക്ഷൻ ലഭിക്കത്തക്ക വിധത്തിൽ കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ രാജീവ് ഗാന്ധി കടിവെള്ള പദ്ധതി, ജപ്പാൻ കടിവെള്ള പദ്ധതി എന്നീ പദ്ധതികളിലുൾപ്പെടുത്തിയും കടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നു.<br>പട്ടികവർഗ്ഗ കോളനികളിൽ ശുദ്ധജല വിതരണം ഉറപ്പാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. എല്ലാ കുടുംബങ്ങൾക്കും വീട്ടു പടിക്കൽ ശുദ്ധജലം എത്തിക്കുന്നതിനായി ദീർഘകാല പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വൻബന്ധു കല്യാൺ യോജന എന്ന പദ്ധതിയിലുൾപ്പെടുത്തി 12.85 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ഏജൻസിയുമായി സഹകരിച്ച് ജലസ്രോതസ്സുകളെ സാറ്റലൈറ്റ് മാപ്പിംഗ് ചെയ്യുവാനും അവ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി സംരക്ഷിച്ച് കടിവെള്ള |

| | | | |
|---|---|---|---|
| | | | ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതിയും പരിഗണനയിലാണ്. ജലനിധിയുമായി സഹകരിച്ച് പരമാവധി പട്ടികവർഗ്ഗ മേഖലകളിൽ ശുദ്ധജലം എത്തിക്കുന്ന പദ്ധതികൾ പുരോഗമിച്ചുവരുന്നു. ഇതുകൂടാതെ മോഡൽ കോളനികൾ, എ.ടി.എസ്.പി, ഹാംലെറ്റ് എന്നീ പദ്ധതികളിലുൾപ്പെടുത്തി വിവിധ ജലവിതരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വാട്ടർ അതോറിറ്റി എന്നിവ മുഖേന ലഭിക്കുന്ന പദ്ധതികൾക്കാവശ്യമായ തുക അനുവദിക്കുന്നതിന്, കോർപ്പസ് ഫണ്ട്, വൻബന്ധു കല്യാൺ യോജന, ഭരണഘടനയുടെ ആർട്ടിക്കിൾ 275(1) എന്നീ പദ്ധതികളിലുൾപ്പെടുത്തി കുടിവെള്ള പദ്ധതിക്ക് ആദ്യ പരിഗണന നൽകണമെന്ന നിർദ്ദേശം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ ജില്ലാതല ഉദ്യോഗസ്ഥർക്കും നൽകിയിട്ടുള്ളതിനാൽ കുടിവെള്ളം ലഭ്യമല്ലാത്ത എല്ലാ ഊരുകളിലും കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ